**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **29-08-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്ത് പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ അതിശക്തമായ മഴ തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിന് മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന് പാരിസ്ഥിതിക അനുമതി നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (എ) | കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ആദ്യ ഘട്ടമായ പാരിസ്ഥിതിക ആഘാതപഠനം (EIA Study) പ്രഗതി ലാബ്സ്, ഹൈദ്രാബാദിനെ ചുമതലപ്പെടുത്തുകയും 2015 ഏപ്രിൽ 21-ാം തീയതി കരാർ ഒപ്പിടുകയും ചെയ്തു. പരിസ്ഥിതി ആഘാത പഠനത്തിനുള്ള പരിശോധനാ വിഷയങ്ങൾക്കുള്ള (Terms of Reference (ToR) അംഗീകാരം 2018 നവംബർ 14 ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ നല്കുകയുണ്ടായി. ഈ നിബന്ധനകൾ അനുസരിച്ചുള്ള പരിസ്ഥിതി ആഘാത പഠനം അന്തിമഘട്ടത്തിലാണ്.<br><br>പരിസ്ഥിതി ആഘാത പഠനവുമായി (EIA) ബന്ധപ്പെട്ട് നിലവിലുള്ള മാർഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി ജലസേചന വകുപ്പിലെ അന്തർ സംസ്ഥാന നദീജല വിഭാഗം ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 12/02/2021-ലെ സർക്കാർ ഉത്തരവ് G.O(Rt) No.102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിനു നൽകികൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ പുതുക്കി തയാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും, പുതിയ ഡാമിന്റെ ഡി.പി.ആർ റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | സുപ്രീം കോടതിയുടെ നിർദേശ പ്രകാരം മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | ബഹു. സുപ്രീം കോതിയുടെ 08/04/2022 തീയതിയിലെ വിധിയിലെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരുന്നു. 08/04/2022 തീയതിയിൽ ബഹു. സുപ്രീം കോടതി നൽകിയ വിധി പ്രകാരം കേരളത്തിലെയും തമിഴ്നാട്ടിലെയും ഓരോ സാങ്കേതിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, 09/05/2022 തീയതിയിലെ കേന്ദ്ര സർക്കാർ ജലശക്തി മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം നം.F.No.R-22011/3/2022-Pen Riv Section-MoWR പ്രകാരമാണ് അഞ്ചംഗ സമിതിയായി മുല്ലപ്പെരിയാർ മേൽനോട്ടസമിതി പുനഃസംഘടിപ്പിച്ചിരിക്കുന്നത്.<br><br>പുനഃസംഘടിത മേൽനോട്ട സമിതിയുടെ ആദ്യ യോഗം 06/06/2022 തീയതിയിൽ ന്യൂഡൽഹിയിലെ കേന്ദ്ര ജലകമ്മീഷൻ ആസ്ഥാനത്ത് ചേരുകയും, പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ആശങ്കകളും നിർദ്ദേശങ്ങളും സമിതിയുടെ പരിഗണനയ്ക്കായി കേരളത്തിന്റെ പ്രതിനിധികൾ യോഗത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | സുപ്രീം കോടതി നിർദ്ദേശാനുസരണം മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാവലോകനത്തിന് സത്വര നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (സി) | മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ 08/04/2022 തീയതിയിലെ ഉത്തരവു പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്രമായ സുരക്ഷാ അവലോകനം പുതുതായി ചെയ്യാൻ നിർദ്ദേശിക്കുകയും, അതിൻപ്രകാരം 06/06/2022 തീയതിയിൽ ന്യൂഡൽഹിയിലെ കേന്ദ്ര ജല കമ്മീഷൻ കാര്യാലയത്തിൽ വച്ച് നടത്തിയ പുനഃസംഘടിത മേൽനോട്ട സമിതിയുടെ ആദ്യ യോഗത്തിൽ കേരളത്തിന്റെ പ്രതിനിധികൾ ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തു. ഇതിനോട് ബന്ധപ്പെട്ട് ഡാം സുരക്ഷാനിയമം 2021-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഡാമിന്റെ സുരക്ഷിതമായ പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പുതുതായി മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാ അവലോകനം കാലതാമസം കൂടാതെ നടത്തേണ്ടതുണ്ടെന്ന് മേൽനോട്ട സമിതിയുടെ ചെയർമാൻ പ്രസ്തുത യോഗത്തിൽ അറിയിക്കുകയുണ്ടായി. കേന്ദ്ര ജലകമ്മീഷന്റെ "വലിയ അണക്കെട്ടുകളുടെ സുരക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ 2018" (Guidelines for Safety Inspection of Large Dams 2018) പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങളും, “ഡാം സുരക്ഷാ നിയമം 2021" (Dam Safety Act 2021) പ്രകാരമുള്ള നിർദ്ദേശങ്ങളും പാലിച്ചു കൊണ്ട്, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വിശദമായ സുരക്ഷാ പരിശോധന (Comprehensive Dam Safety Evaluation) അന്തർദേശീയ വിദഗ്ധരുൾപ്പെടെയുള്ള സ്വതന്ത്ര വിദഗ്ധരുടെ പാനൽ മുഖാന്തിരം അടിയന്തരമായി നടത്തേണ്ടതാണെന്നുള്ള ശിപാർശയുൾപ്പെടെയുള്ള കുറിപ്പും മേൽനോട്ട സമിതി ചെയർമാന്റെ പരിഗണനയ്ക്കായി കേരളത്തിന്റെ പ്രതിനിധികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാർ തലത്തിലും മേൽനോട്ട സമിതി ചെയർമാനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 18/08/2022 തീയതിയിൽ ചേർന്ന മേൽനോട്ടസമിതി യോഗത്തിലും കേരളത്തിന്റെ പ്രതിനിധികൾ പ്രസ്തുത ആവശ്യം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ